മത്സരങ്ങളിൽ പഞ്ചഗുസ്തി, ഹാൻഡ്, ബോൾ, സോഫ്റ്റ് ബോൾ എന്നിവകൂടി ഉൾപ്പെടുത്തിക്കൊണ്ട് കേരളോത്സവം പരിപാടി കൂടുതൽ ആകർഷക മാക്കിയിട്ടുണ്ട്.

യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം

151 (165) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. വി. ശശികുമാർ :
ശ്രീ. വി. എൻ. വാസവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) യൂത്ത് സെന്ററുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; എല്ലാ ഗ്രാമപഞ്ചായത്തുകളിലും യൂത്ത് സെന്ററുകൾ രൂപീകരിച്ചിട്ടുണ്ടോ ;

(സി) സ്വയം തൊഴിൽ പരിശീലനത്തിനായി യുവജന ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സാമൂഹിക അനാചാരങ്ങൾക്കും മദ്യപാനത്തിനും മയക്കു മരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുന്നതിന് യുവജനക്ഷേമ ബോർഡ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ഈ വർഷം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യുവജന സംഘടനകൾ, യുവജന ക്ലബ്ബുകൾ മറ്റ് സംഘടനകൾ എന്നിവ മുഖേന സ്വയംതൊഴിൽ പരിശീലനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, സാഹസിക പരിശീലന പദ്ധതികൾ, കാർഷിക വികസന പദ്ധതികൾ, നാടൻ കലാ പരിശീലന കളരികൾ, തൊഴിൽ മേളകൾ മുതലായ പരിപാടികൾ പഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുന്ന യൂത്ത് കോർഡിനേറ്റർ മുഖേന ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

(ബി) യുവശക്തി പദ്ധതിപ്രകാരം രൂപീകൃതമായ യൂത്ത് സെന്ററുകൾ മുഖേന യുവജനങ്ങൾക്കായി സ്വയംതൊഴിൽ പരിശീലനം, വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം, കാർഷിക പദ്ധതികൾ തുടങ്ങിയവ നടത്തിവരുന്നു. എല്ലാ പഞ്ചായത്തുകളിലും യൂത്ത്സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

(സി) സ്വയംതൊഴിൽ പരിശീലനത്തിനായി എല്ലാവർഷവും യുവജന ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2009-10 സാമ്പത്തികവർഷം 141 ക്ലബ്ബുകൾക്ക് ധനസഹായമായി 16,30,000 രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സാമൂഹിക അനാചാരങ്ങൾക്കും, മദ്യപാനത്തിനും, മയക്കു മരുന്നിനുമെതിരെ യൂത്ത് ക്ലബ്ബുകൾവഴി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു നടപ്പിലാക്കിവരുന്നു. കൂടാതെ ഇതുസംബന്ധിച്ച് യൂത്ത് ക്ലബ്ബുകൾ സമർപ്പിച്ചിട്ടുള്ള പുതിയ പ്രോജക്ടുകൾ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തിന്റെ പൊതുവരുമാനം

152 (166) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എൻ. ശക്തൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുവരുമാനത്തിൽ ഈ സാമ്പത്തിക വർഷം എത്ര ശതമാനം വർദ്ധനവാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാനായിട്ടുണ്ടോ ;

(സി) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ പൊതുവരുമാനമായി എന്തുതുകയാണ് ലഭിച്ചത് ;

(ഡി) ഈ സാമ്പത്തികവർഷാവസാനം ഇത് എന്ത് തുകയായിരിക്കും എന്നാണ് കണക്കാക്കുന്നത് ;

(ഇ) അടുത്ത സാമ്പത്തികവർഷം ഈ ഇനത്തിൽ എത്ര ശതമാനം വർദ്ധനവാണ് കണക്കാക്കുന്നത് ;

(എഫ്) ഈ ഇനത്തിൽ കൂടുതൽ വരുമാനം നേടുന്നതിന് നികുതി ക്രമീകരണങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നാണ് കരുതുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2009-10-ലെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ 2010-11-ൽ 17.55% വർദ്ധനവാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 2010 ഡിസംബർവരെയുള്ള പ്രാഥമിക കണക്കുകളുടെ അടിസ്ഥാനത്തിൽ, ഈ ലക്ഷ്യം കൈവരിക്കാനായിട്ടുണ്ട്.

(സി) പ്രാഥമിക കണക്കുകൾപ്രകാരം 2010 ഡിസംബർ 31-വരെ 21,197 കോടി രൂപ റവന്യൂ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ഡി) 2010-11-ലെ ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്ന റവന്യൂ വരുമാനമായ 31180.82 കോടി രൂപയുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ&എഫ്) ഇത് സംബന്ധിച്ച വിശദാംശങ്ങൾ 2011-12-ലെ ബഡ്ജറ്റിലൂടെ മാത്രമേ ലഭ്യമാകുകയുള്ളൂ.

679/2016

LIBRARY ARCHIVES Kerala Legislative Assembly